# GREGORIAN VOICE

Newsletter of St.Gregorios Jacobite Syrian Orthodox Church, Dublin

(For private circulation only)

August 2016

## The Holy Virgin Mary in the Syrian Orthodox Church

by His Holiness Moran Mor Ignatius Zakka I Iwas



### Introduction

How greatly appealing the discourse about the Mother of God, the Holy Virgin Mary is! Our Holy Church fathers had had extensive scrutinizing studies of her biography; inspired ecclesiastical poets wrote beautiful poems in glorification of her; celebrated artists sculpted the most beautiful statues of her and skillful painters filled the world with her splendid portraits. The Virgin Mary is the Patron Saint of the most magnificent Cathedrals the faithful have erected for her worldwide.

### The Virgin Mary's Feasts

Ever since its existence our Syrian Orthodox Church has incessantly extolled the Virgin Mary's virtues and canonized her as a patron saint of the church, repeating her Holy name in church prayers day and night. Our church has set commemorative days for the Virgin Mary to be celebrated all the year round.

It was a common practice in the church to celebrate commemorations of saints and martyrs after their departure to heavenly abodes following the termination of their spiritual struggle on earth. The Holy Virgin Mary and St. John, however, were excepted.

The Syrian Orthodox Church usually celebrates the nativity of the Virgin Mary on Sept.8. It used to celebrate the Feast of the Virgin Mary's presentation in the temple, in addition to three others; the Feast of the Virgin Mary for the blessing of the crops, the Feast of the Virgin Mary of the sowing and the Feast of the Virgin Mary for blessing of the vineyards.

Syrian poets called the Potters attribute setting these feasts of the Virgin Mary to John, the Evangelist. Those poets are quoted saying: "With dew and drizzle the land of Ephesus was sprinkled when St. John brought to it the messages of the Virgin Mary commanding that the blessed Feasts of the Virgin be celebrated three times a year. The Feast of the Virgin Mary of the sowing is in January. In May is the Feast of the Virgin Mary for blessing the crops and in August is her Feast of the blessing of the vineyards, which are the symbol of the mystery of life".

These three Feasts are on the fifteenth day of the three aforementioned months. Assumption of the Virgin Mary replaced the Feast of the Virgin Mary for blessing the Vineyards, which falls on August 15th. Due to the sacredness of the Assumption of the Virgin Mary, the church instituted that the faithful should go on a fast in preparation for the celebration of this fast. It is called the Virgin Mary's Fast. In the past this fast used to last for fourteen days starting on August the first, during which the faithful used to have one Meal a day. This meal was free of meat, eggs or dairy product. It consisted mainly of vegetables and beans usually taken in the evening.

The faithful also refrained from having any drinks. Nowadays the church has become more tolerant by limiting the fast to five days starting on August 10th and permitting two or three meals a day and having fish and seafood. The church also celebrates a commemoration day of the Virgin Mary on the second day of Lord Jesus' Nativity, which is called the Feast of the Glorification of the Virgin Mary at the Lord's birth; and one on the day following the Resurrection of the redeemer and His rising from the dead. On June 15th the church celebrates also the feast of the first church built after the Virgin's name.

The most celebrated and greatly significant feast in Christendom is the Feast of the Annunciation of the Virgin Mary, which falls on March 25th.

At the beginning of the Liturgical year the Syrian Orthodox Church observes the Sundays, usually known as the Sundays before the Nativity of Christ, which include Annunciation of the Virgin Mary, the Sunday of the virgin Mary's visitation to Elizabeth, the Sunday of St. Joseph's Revelation, on which Gabriel affirmed to Joseph, who was betrothed to Mary, the Virgin's innocence and revealed the divine Mystery, that the conception was of the Holy Spirit.

Church fathers praised the Virgin in poetry and prose while celebrating her feasts and set rites included in huge volumes called (Fanaquith). The book of daily offices repeated weekly and called (Shehimo) includes hymns in poetry and prose sung daily in the morning and evening. The themes of these songs are the declaration of the Orthodox doctrinal concept of the Virgin Mary and the confession of faith in her. These Hymns are meant to show the exalted position of the Virgin in the hearts of the faithful and in the church at large, in addition to manifesting the intercessory and supplicatory character of prayers addressed to her. Some excerpts are quoted from the book of daily offices and stated hereinafter: in relation to the feasts of the Virgin Mary and the aim of celebrating these feasts the prayer of the first office on Monday night reads: "Oh, Virgin Mary, Mother of God, may your name be a source of blessing. May you answer the prayers of those, close and others far away. May you heal the sick and beseech (your son) to give courage to the oppressed. May you expel the evil within those tormented. May the power of your intercessory prayers have mercy on us, hallelujah, and may your prayer support us".

The prayer said on Monday evening reads:

"May the commemoration of the blessed Virgin, the Mother of God, be eternal, because in her virginity she gave birth to Jesus, the king, the savior of the whole universe, hallelujah. May her prayer be with us".

A hymn sung on Thursday evening reads:

"Oh, blessed Virgin, who became the Mother of God in chastity and holiness and without the seed of a man, may you, on this commemoration day of yours, have mercy on us so that the dead will have rest and the living may have hope…Though you are so far away from us in the flesh, yet your prayers are always with us. So may you implore the hidden power (the Son), who descended from His throne and dwelled in you, to forgive us".

The prayer said on Friday evening includes a Litany by Mar Jacob of Serugh (+521) that reads:

"How beautiful and pleasant the commemorative day of the Blessed Virgin Mary, who became the Mother of the Son of God, is! May you, Oh God, through the intercessory prayer of hers, keep wrath away from all those who, in faith, seek refuge in her".

In the prayer of the first office, said on Saturday night St. Jacob says: " Let us venerate the day of the blessed (Mary), glorify it with extreme love, with faith, "watchfulness" and long vigil, and by going on giving alms and praying, for (the virgin) doubles the reward of those who venerate her".

May you, Oh Holy Saint, distribute, on your day, your gifts among our gathering who are thirsty for your prayers and litanies.

May the Lord be the fence that protects all those who venerate you, and may the Lord keep all blows and wrath away from them…. The power that strengthens you is that which empowers us so that we become able to praise you. This power calls on us, through your prayers, to join the abodes of light May the Lord count all those, dead and alive, who venerate your commemorative days and seek you as a refuge, among the Choir of Angels. The congregation raises to you, Oh Lord, on the day of your mother, genuine praise sung to sweet melodies. May you draw the sign of the Cross on their highly elevated gates and keep them away from distress. Glory be to you, your father and to the Holy Spirit.

The prayer said on Saturday morning reads:

" May the commemoration of the Virgin Mary, the Mother of God, the Holy in her virginity, whose virtues found favor with the king of kings that He descended and dwelled in her womb, be celebrated in churches and monasteries".

(Courtesy: Malankara World)



## വി.കുർബ്ബാന (മുൻ ലക്കത്തിൽ നിന്നും തുടർച്ച)

## പൊതുവായുള്ള പരസ്യാരാധന (Rite of Catechumens)

ആദ്യം അപ്പോസ്തോലപ്രവർത്തികളില് നിന്നോ പൊതു ലേഖനത്തിൽ നിന്നോ വായിക്കുന്നു. ഇത് ആദ്യം വചനം യഹൂദരോടരിയിച്ചതിനെ സൂചിപ്പിക്കുന്നു. പിന്നീട് പൌലോസ് ശ്ലീഹ എഴുതിയ ലേഖനം വായിക്കുന്നു. ഇത് ജാതികളോടു സുവിശേഷം അറിയിച്ചതിനെ ഒർപ്പിക്കുന്നു.

ശേഷം പുരോഹിതൻ എവൻഗെലിയോൻ (സുവിശേഷം) വായിക്കുന്നു. സഭ ദിവസങ്ങളുടെ പ്രത്യേകത അനുസരിച്ച് ക്രിസ്തുവിന്റെ ജീവിതത്തെ ആധാരമാക്കി ഓരോ ദിവസ്സവും വായിക്കേണ്ട വേദഭാഗങ്ങളെ വളരെ ചിട്ടയോടും ചേർച്ചയോടും കൂടെ ക്രമീകരിച്ചിരിക്കുന്നു. അതോടെ വചനശ്രുശ്രൂഷ അവസാനിക്കുന്നു. ശേഷം അനഫോറ ആരംഭിക്കുന്നതിനു മുൻപേ അവസാനഘട്ട ഒരുക്കം എന്നതുപോലെ പ്രോമിയോൻ (preface) വായിച്ച് ഹൂസോയോ (പാപപരിഹാര പ്രാർത്ഥന) ചൊല്ലി സെദറാ വായിക്കുന്നു. വളരെ ആഴമേറിയ അർത്ഥങ്ങളെ വഹിക്കുന്ന ഈ പ്രാർത്ഥനകൾ കരുണയും പാപമോചനവും നിത്യജീവനും യാചിക്കുന്നതും വാങ്ങിപോയവരെ ഓർക്കുന്നതും ദൈവത്തിൽ നിന്നും അനുഗ്രഹങ്ങളെ ചോദിച്ചുവാങ്ങുന്നതും ആകുന്നു. നിരയായുള്ള ഈ പ്രാർഥനകളുടെ അവസാനത്തിലായി ധൂപകുറ്റിവാഴ്വു .

(കർത്താവിന്റെ മാമൂദീസ).
ഇവിടെ പിതാവിനെയും പുത്രനെയും പരിശുധാത്മാവിനെയും സ്തുതിക്കയും അവർ മൂന്നു വ്യക്തികളും ഏകസാരാംശം ആണെന്നും നമ്മെ ചൂണ്ടികാണിക്കുകയും ചെയ്യുന്നു
(ധൂപകുറ്റിയിൽ പലതായി വെവേറെ ഉള്ള ചങ്ങലകളെ ക്രമമായി ചേർത്ത് പിടിച്ചു ഒന്നാക്കുന്നത് മൂലം ഇത് സാധിക്കുന്നു).
ഒരേ സമയത്തുള്ള ത്രിത്വത്തിന്റെ സാന്നിധ്യത്തെ കാരണം ഇത് നമ്മെ കർത്താവിന്റെ മാമോദീസയെ ഒർപ്പിക്കുന്നു. അവിടെ എല്ലാവരും ചേർന്ന് വിശ്വാസപ്രമാണം ഏറ്റുചൊല്ലുന്നു. ഇനിയുള്ള ആരാധന വിശ്വാസികൾക്ക് മാത്രമുള്ളതാണ് അതിനാൽ അന്യരും അവിശ്വാസികളും പുറത്തുപോകൂ എന്ന മൌന ആഹ്വാനവുമായി ശ്രുശ്രൂഷക്കാരൻ ധൂപം വീശി പള്ളിയുടെ പടിഞ്ഞാറേ നട വരെ വരുന്നു. ഈ സമയം "യാചിക്കെണ്ടും സമയമിത.."എന്ന ഗാനം പാടുന്നു. പാട്ടിനെ അർത്ഥവത്താക്കി കൊണ്ട് പുരോഹിതൻ പേരുകൾ ഓർത്തു എല്ലാവർക്കും ആയി കരുണകളും പാപമോചനവും യാചിക്കുന്നു. "സ്തൌമെൻകാലൊസ്" (Let us stand well): ശ്രുശ്രൂഷക്കരന്റെ നല്ലവണ്ണം നിൽക്കുക വി. കുർബാന ആരംഭിക്കുന്നു എന്ന ആഹ്വാനത്തോടെ അനഫോറ ആരംഭിക്കുന്നു.

## അനഫോറ (Anaphora / Rite of the Faithful)

“അനഫോറ” എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം “ഉയർത്തുക” (To lift up) എന്നാണ്. ഇതുവരെ നടന്നത് വി. കുർബാനക്കുള്ള ഒരുക്കം ആയിരുന്നതിനാൽ ഇവിടെ ആണ് വി. കുർബാന ആരംഭിക്കുന്നത്. മത്തായി 5:23,24; 6:12 വചനങ്ങളെ ആധാരമാക്കി പരസ്പരമുള്ള സമാധാനയാചനയോടെ അനഫോറ ആരംഭിക്കുന്നു. ദൈവം തരുന്ന സ്വർഗീയ സമാധാനം പുരോഹിതനിലൂടെ ജനങ്ങളിൽ എത്തുന്നു. തുടർന്ന് വിശുദ്ധ രഹസ്യങ്ങളെ മറച്ചിരിക്കുന്ന ശോശപ്പ എടുത്തു ആഘോഷിച്ചു മാറ്റുന്നു. ഇത് സ്വർഗീയരഹസ്യങ്ങൾ വി. കുർബാനയിലൂടെ ഭൂമിയിൽ വെളിപെടുന്നു എന്ന് സൂചിപ്പിക്കുന്നു. പിന്നീടു ത്രിത്വനാമത്തിൽ ആശീർവദിക്കുന്നു. ഹൃദയവിചാരങ്ങളെ മഹോന്നതനായ ദൈവത്തിലേക്ക് കേൻദ്രീകരിക്കുകയും മാലാഖമാരോട് ചേർന്ന് ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു (“നാം എല്ലാവരുടെയും ഹൃദയങ്ങളും...” ).

## വിശുദ്ധ കുർബാനയുടെ സ്ഥാപനം (Words of Institution)

സെഹിയോൻ കോട്ടയിൽ വച്ച് നമ്മുടെ കർത്താവു അപ്പവും വീഞ്ഞും തന്റെ കരങ്ങളിൽ എടുത്തു സ്വർഗത്തിലേക്ക് നോക്കി വാഴ്ത്തി തന്റെ ശരീരരക്തങ്ങളാക്കി ശിഷ്യർക്ക് കൊടുക്കുകയും നിത്യജീവനും പാപമോചനത്തിനുംവേണ്ടി ഇതിൽ നിന്നും ഭക്ഷിക്കുകയും പാനം ചെയ്യുകയും വേണം എന്ന് പറയുകയും താൻ ഇനിയും വരുന്നതുവരെ (അന്ത്യ ന്യയവിധി നടത്താൻ) ഓർമ്മക്കായി ഇപ്രകാരം ചെയുവിൻ എന്ന് പറഞ്ഞു ശിഷ്യരെ ഭാരമേല്പ്പിച്ച വി. കുർബാനയുടെ സ്ഥാപനം വീണ്ടും അടിവരയിട്ടു നമ്മെ ഒർപ്പിക്കുകയും, കർത്താവ് ചെയ്തതുപോലെ അപ്പവീഞ്ഞുകൾ പുരോഹിതൻ തന്റെ കരങ്ങളിൽ എടുത്തു വാഴ്ത്തി മുറിക്കുന്നു. ശേഷം കർത്താവിന്റെ രണ്ടാംവരവ് വരെ നാം ഇതുചെയ്യണം എന്ന് വൈദീകൻ നമ്മെ ഒർപ്പിക്കുന്നു. അപ്പോൾ ജനം ക്രിസ്തുവിന്റെ മരണത്തിലും ഉയിർത്തെഴുന്നെൽപ്പിലും രണ്ടാംവരവിലും വിശ്വസിക്കുകയും അതിനായി കാത്തിരിക്കയും ചെയ്യുന്നു എന്ന് ഏറ്റുപറയുന്നു (Anamnesis).

## പരിശുദ്ധാത്മ ആഹ്വാനം (Epiclesis)

തുടർന്ന് അപ്പവീഞ്ഞുകളെയും ജനങ്ങളെയും രൂപാന്തരപെടുത്താൻ പരിശുദ്ധ റൂഹായുടെ ആവസത്തിനായി പുരോഹിതൻ പ്രാർത്ഥിക്കുന്നു. ഇതാണ് വി. കുർബാനയുടെ മർമ്മപ്രധാനമായ ഭാഗം.

## മധ്യസ്ഥ പ്രാർത്ഥനകൾ (Dyphtics)

തുബ്ദേനെന്ന വി. കുർബാനയിലെ പ്രധാനപെട്ട പ്രാർത്ഥനകളാണ് ഈ മധ്യസ്ഥപ്രാർത്ഥനകൾ. സഭക്ക് മുഴുവനും വേണ്ടിയുള്ള (ഭൂമിയിലുള്ളവർക്കും വാങ്ങിപോയവർക്കും) പ്രാർത്ഥനകളാണ് തുബ്ദേനുകൾ. ഒന്നാം തുബ്ദേനിൽ ജീവിച്ചിരിക്കുന്ന ആത്മീയപിതാക്കൻമാരുടെ പേരുകൾ ചൊല്ലി ഓർത്തുപ്രാർത്ഥന നടത്തുന്നു. രണ്ടാമതായി ജീവനോടെ ഇരിക്കുന്ന എല്ലാ സഹോദരങ്ങളെയും സഭവിശ്വാസികളെയും ഓർക്കുന്നു. മൂന്നാമതായി ജീവനോടെ ഇരിക്കുന്ന എല്ലാ ഭരണകർത്താക്കൾക്ക് വേണ്ടിയും നാം ഓർത്തുപ്രാർത്ഥിക്കുന്നു. നാലാമതായി ദൈവമാതാവിനെയും വാങ്ങിപോയ സകല പരിശുധൻമാരെയും ഓർത്തുപ്രാർത്ഥിക്കുന്നു. അഞ്ചാമതായി വാങ്ങിപോയ സകല പൂർവപിതാക്കൻമാരെയും ഓർത്തു പ്രാർഥിക്കുന്നു. അവസാനമായി വാങ്ങിപോയ സകലരെയും വി. കുർബാനയിൽ ഓർക്കുന്നു.

ഖണ്ഡനവും സമ്മേളനവും (Fraction and Commixture)

ശേഷം രണ്ടാമത്തെ ആശീർവാദത്തിനുശേഷം പുരോഹിതൻ മറയിട്ടു രഹസ്യമായി തിരുശരീരത്തെ മുറിക്കുന്നു. തിരുശരീരവും രക്തവും തമ്മിൽ കലർത്തുന്നു. ക്രിസ്തുവിന്റെ ക്രൂശീകരണത്തെ സൂചിപ്പിക്കുന്ന ഭാഗമായതുകൊണ്ട് ക്രൂശീകരണ സമയത്തെ അന്ധകാരത്തേ സൂചിപ്പിക്കാൻ ആണ് തിരശീല ഇടുന്നത്. വിശുദ്ധ രഹസ്യങ്ങൾ സ്വീകരിക്കുന്നതിനു മുൻപുള്ള ഒരുക്കം ആണ് ഈ സമയത്തുള്ള ഗീതങ്ങളിലായിട്ടു ആഹ്വാനം ചെയ്യുന്നത്. ശേഷം ലുത്തിനിയ (Litany) എന്ന ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും ചോദിച്ചുവാങ്ങുന്ന മധ്യസ്ഥപ്രാർത്ഥനകൾ നടത്തുന്നു.

കർത്തൃപ്രാർത്ഥന (Lord's Prayer)

മത്തായി:6:9-13 നമ്മുടെ കർത്താവ് നമ്മെ ചൊല്ലി പഠിപ്പിച്ച ഈ കർത്തൃപ്രാർത്ഥന എല്ലാവരും ഒരുമിച്ചു ഏറ്റുചൊല്ലുന്നു. ഇത് വി. കുർബാനയിൽ കർത്തൃപ്രാർത്ഥനക്കുള്ള പ്രാധാന്യവും വി. കുർബാനക്കുള്ള ഒരുക്കത്തിന്റെ പ്രാധാന്യവും നമ്മെ ഓർപ്പിക്കുന്നു.

ആഘോഷം (The Celebration)

ഇനി തിരുരക്തശരീരങ്ങളുടെ ആഘോഷം ആണ്. ഇവിടെ പുരോഹിതൻ വി. കുർബാന സ്വീകരിക്കേണ്ടവരുടെ യോഗ്യത നമ്മെ ഓർമ്മപെടുത്തുന്നു. ഉടനെ നാം വിശ്വാസി ആണെന്നും ത്രിത്വം ഒപ്പം ഉള്ളതിനാൽ നാമും ശുദ്ധി ഉള്ളവർ ആണെന്നും നാം ഏറ്റുപറയുന്നു

(ഈ വിശുദ്ധതകൾ ....
പരിശുദ്ധനായ പിതാവ് നമ്മോടു കൂടെ ..........
പുത്രൻ നമ്മോടു കൂടെ .......
റൂഹാ നമ്മോടുകൂടെ......).

ആയതിനാൽ നമ്മുടെ മനസാക്ഷിയോടും ദൈവത്തോടും നാം പറയുകയാണ് ഈ രഹസ്യങ്ങൾ സ്വീകരിക്കാൻ ഞങ്ങൾ യോഗ്യരാണ് (യോഗ്യരാക്കണം എന്ന് പ്രാർഥിക്കുന്നു). യേശു ക്രിസ്തുവിന്റെ സ്വർഗാരോഹണത്തേ സൂചിപ്പിക്കുന്നു ഈ ദിവ്യരഹസ്യങ്ങളുടെ ആഘോഷം.

ധൂപപ്രാർത്ഥനകൾ

തിരുശരീരർക്തങ്ങളെ സ്വീകരിക്കുന്നതിനു മുൻപേ നാം വാങ്ങിപോയ സകലരോടും നമുക്കായി പ്രാർത്ഥിക്കണം എന്നും നമ്മുടെ വാങ്ങിപോയവരോട് ദൈവം കരുണ കാണിക്കാനും നാം പ്രാർഥിക്കുന്നു. ഇത് ഒരു പ്രാർത്ഥനഗാന സഞ്ചയമാണ്. ഇതിൽ വേദവചന ഉദ്ധരണികളും ഉൾപെടുത്തി ക്രമീകരിച്ചിരിക്കുന്നു. യഥാക്രമം ദൈവമാതാവ്, പരിശുധൻമാർ, വാങ്ങിപോയ ആചാർയൻമാർ, വാങ്ങിപോയ വിശ്വാസികൾ, വിശുദ്ധ സ്ലീബ എന്നിങ്ങനെ നടത്തുന്നു.

നിന്നാൽ സ്തുതിയോ- സങ്കീ:45:9-11

നയവാൻ പനപോലെ - സങ്കീ:92:12-14

ചാർത്തും നീതിയെ - സങ്കീ:132:9-12

മക്കളിലപ്പൻ കൃപ- സങ്കീ:103:13-15

വെല്ലും ശത്രുക്കളെ - സങ്കീ:44:5-7

ധൂപപ്രാർതനകൾക്കു ശേഷം വീണ്ടും മറ ഇടുന്നു. സ്വർഗാരോഹണം ചെയ്ത ക്രിസ്തുവിനെ നാം കാണുന്നില്ല എന്നതുകൊണ്ടാണ് മറ ഇട്ടു അവനെ കാത്തിരിക്കുന്ന സഭയുടെ അവസ്ഥയെ സൂചിപ്പിക്കുന്ന ഈ ഭാഗം നിവർതിക്കുന്നത്.

പരസ്യമായ എഴുന്നള്ളിപ്പ് (Procession)

വളരെ പ്രാർത്ഥനയോടെ പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുന്ന പ്രദക്ഷിണം കർത്താവിന്റെ രണ്ടാം വരവിനെ സൂചിപ്പിക്കയും ഒർപ്പിക്കയും ചെയ്യുന്നു. ഇവിടെ മാലാഖമാരുടെ കൂട്ടങ്ങളോടൊപ്പം ക്രിസ്തു പെട്ടെന്ന് ആഗാതനാകും എന്നതിന്റെ സൂചനയായി പെട്ടെന്ന് ഒരു ആഹ്വാനവും
("നാം അട്ടഹസിച്ചു പറയണം ....")
അതെ തുടർന്ന് പെട്ടെന്ന് മറ വലിക്കുകയും ചെയ്യുന്നു. അപ്രകാരം തന്നെ വിശുദ്ധ രഹസ്യങ്ങളുടെ സ്വീകരണം മൂലം ലഭിക്കുന്ന രക്ഷ അന്ത്യന്യായദിവസം ലഭിക്കേണ്ട വലിയരക്ഷയെ ഓർമ്മപെടുത്തുന്നു.
അങ്ങനെ മദ്ബഹായുടെ വാതിൽക്കൽ എത്തി പുരോഹിതൻ വിശ്വാസികൾക്ക് വി. കുർബാന നൽകുന്നു.
"ആരേ മിന്നലുടുത്തോർ നോക്കുകിൽ
എരിയുന്നുടനേ..
അവനേ മണ്ണയർ ഭക്ഷിച്ച് മുഖം
തെളിയുന്നേറ്റം..."
എന്ന അർഥവത്തായ വരികൾ വിശ്വാസികൾ പാടുന്നു.
ഇവിടെ അനഫോറ അവസാനിക്കുന്നു.

കൃതജ്ഞത ശുശ്രൂഷ (Post Communion/ Thanks giving)
ഈ നിത്യരക്ഷക്കും ഒരു ദിനം കൂടി തിരുശരീരത്തിന്റെ പങ്കാളി ആകാൻ സാധിച്ചതിലും ദൈവം തരുന്ന സൗഭാഗ്യങ്ങൾക്കും നന്ദിയോടെ ദൈവത്തെ സ്തുതിച്ചു കൃതജ്ഞത അർപ്പിക്കുന്നു. സമാപനഗാനം ആയ ഹൂത്തോമ്മോ ചൊല്ലി വിശുദ്ധബലിയിൽ നിന്നും ലഭിച്ച സ്വർഗീയ സമാധാനത്തോടൊപ്പം വിശ്വാസികളെ ആശീർവദിച്ചു യാത്ര അയക്കുന്നു. അപ്പോൾ മറ ഇടുന്നത് കർത്താവിനോടോത്തുള്ള സഭയുടെ നിത്യതയെ സൂചിപ്പിക്കുന്നു. ശേഷം വീണ്ടും പുരോഹിതൻ ത്രോണോസിൻ മുന്നിൽ മുട്ടുകുത്തി വീണ്ടും എല്ലാവർക്കും ആയി പ്രാർത്ഥിക്കുന്നു. തനിക്കു ഒരു ബലി കൂടി അർപ്പിക്കാൻ തന്ന യോഗ്യത ഓർത്തു പ്രാർത്ഥിക്കുന്നു. തുടർന്ന് പൂജപാത്രങ്ങൾ തുടച്ചു, അംശവസത്രങ്ങൾ മാറ്റി ഒരു കർത്ത്യ ദിവസ്സത്തെ പൊതുവായ ആരാധന അവസാനിപ്പിക്കുന്നു.

(ജിനോ അച്ചൻ)



സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി: സൂര്യനെ അണിഞ്ഞൊരു സ്ത്രീ;
അവളുടെ കാൽക്കീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രംകൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു.
വെളിപ്പാടു–12:1

# സെൻറ്: ഗ്രിഗോറിയോസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് പള്ളി,

## ARRAN QUAY, SMITHFIELD, DUBLIN



# വിശുദ്ധ ദൈവമാതാവിന്റെ എട്ടുനോമ്പ് കുടുംബ പ്രാർത്ഥന

**Time: 7pm to 9pm**

**1st September, 2016**

Varghese VP,
3 Liffey Lawn,
Liffey Valley Park, Lucan.
Ph. 0862525757

**2nd September, 2016**

Jobis Skaria,
27 Pheasant Run Drive,
Clonee, Blanchardstown,
Dub 15. Ph. 0857184293.

**5th September, 2016**

Tijo Mathew, Apt 56,
Dakota Court, Royal Canal
Bank, Phibsboro, Dub 7.
Ph. 0879462630

**6th September, 2016**

Sam Cherian, 20
Lanesborough Square,
Finglas, Dub 11.
Ph.0862323342

**7th September, 2016**

Jaijo Jacob,
4 Parkside walk,
Balgriffin, Dublin 13.
Ph. 0876533530

**8th September, 2016**

Saju George,
1 Mayestown Rise,
Finglas, Dublin 11.
Ph. 0872112909

# Silent Night - Housing Project - Work in Progress



# നോക്ക് തീർത്ഥാടനം : സൈക്കിൾ തീർത്ഥയാത്ര




ഡബ്ലിൻ . അയർലണ്ടിലെ യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ ആഭിമുഖ്യത്തിൽ വി.ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനോട് അനുബന്ധിച്ചുള്ള എട്ടു നോമ്പ് ആചരണത്തിന്റെ ഭാഗമായി നോക്ക് മരിയൻ തീർത്ഥാടന കേന്ദ്രത്തിലേക്ക് തീർത്ഥയാത്രയും വി .കുർബ്ബാനയും സെപ്റ്റംബർ 3 ശനിയാഴ്ച രാവിലെ 11 മണിക്ക് ഇടവക മെത്രാപോലീത്ത അഭി .യൂഹാനോൻ മോർ മിലിത്തിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെടും.

ഇതിനു മുന്നോടിയായി ഡബ്ലിൻ സെന്റ് ഗ്രീഗോറിയോസ് യുവജനസഖ്യം ഒരുക്കുന്ന സൈക്കിൾ തീർത്ഥയാത്ര നാളെ(വെള്ളിയാഴ്ച്ച) രാവിലെ 5 മണിയ്ക്ക് ആരംഭിക്കും.വികാരി ഫാ.ബിജു ജോസഫ് പാറേക്കാട്ടിലും,സഹ വികാരി ഫാ.ജിനോ ജോസഫും ചേർന്ന് നടത്തുന്ന ധൂപപ്രാർഥനയ്ക്ക് ശേഷം സ്ലീബയും വഹിച്ചു കൊണ്ടാരംഭിക്കുന്ന സൈക്കിൾ തീർഥയാത്ര ലെക്സ്ലിപ്പ്.മുള്ളിങ്ങാർ റോസ് കോമൺ വഴി ശനിയാഴ്ച രാവിലെ അയർലണ്ടിലെ 11 ഇടവകകളിൽ നിന്നായി നോക്കിൽ എത്തുന്ന വിശ്വാസസമൂഹത്തോടൊപ്പം കാൽനടയായി നോക്കിലേക്കുള്ള യാത്രയിൽ അണിനിരക്കും.

Youth Association
St Gregorios Jacobite Syrian Orthodox Church
Dublin

# 2016 Family Fun Day


## 27th August*
## 10:30 am onwards
## at
## Rathbeggan Lake

www.rathbegganlakes.com

* Subject to weather conditions
* Please confirm your presence in advance by phone or email to youth.jacobitechurchdublin@gmail.com by 25th August



*For more details please contact*
*Youth Association*
*Secretary: Binu Varghese (0876707857)*
*Treasurer : Sunny Cherian Kooran (0871249009)*



സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി: സൂര്യനെ അണിഞ്ഞോരു സ്ത്രീ;
അവളുടെ കാൽക്കീഴ് ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രംകൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു.
വെളിപ്പാട് – 12: 1

# സെൻറ്: ഗ്രിഗോറിയോസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് പള്ളി,

## ARRAN QUAY, SMITHFIELD, DUBLIN



## വിശുദ്ധ ദൈവമാതാവിന്റെ ശൂനോയോ പെരുന്നാൾ

കർത്താവിൽ പ്രിയരേ,

ഡബ്ലിൻ സെൻറ്: ഗ്രിഗോറിയോസ് യാക്കോബായ സുറിയാനി ഓർത്തഡോക്സ് പള്ളിയിൽ ആണ്ടുതോറും നടത്തിവരാറുള്ള വിശുദ്ധ ദൈവമാതാവിന്റെ ശൂനോയോ പെരുന്നാൾ ആഗസ്റ്റ് മാസം ഇരുപത്തിയൊന്നാം തിയതി ഞായറാഴ്ച ഭക്ത്യാദര പൂർവം ആചരിക്കുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു. പെരുന്നാൾ ശുശ്രൂഷകളിൽ പ്രാർത്ഥനാപൂർവം നേർച്ചകാഴ്ചകളുമായി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ കർതൃനാമത്തിൽ ഏവരെയും സാദരം ക്ഷണിച്ചുകൊള്ളുന്നു.

വികാരി: ഫാ. ബിജു. എം. പാറെക്കാട്ടിൽ
സഹവികാരി: ഫാ. ജിനോ ജോസഫ്

**പ്രോഗ്രാം (20-08-2016, ശനിയാഴ്ച ):**

| | |
|---|---|
| 8:45 P.M. | സന്ധ്യാ പ്രാർത്ഥന |

**പ്രോഗ്രാം (21-08-2016, ഞായറാഴ്ച ):**

| | |
|---|---|
| 9:15 A.M. | കൊടിയേറ്റ് |
| 9:30 A.M. | പ്രഭാത പ്രാർത്ഥന |
| 10:15 A.M. | വിശുദ്ധ കുർബാനയും പെരുന്നാൾ ശുശ്രൂഷയും |
| 12:30 P.M. | ആശീർവാദം |
| 12:45 P.M. | നേർച്ചഭക്ഷണം, ലേലം |
| 01:00 P.M. | കൊടിയിറക്ക് |

N.B.:പെരുന്നാൾ സദ്യക്കുള്ള നേർച്ചയപ്പം, ലേല വസ്തുക്കൾ തുടങ്ങിയവ കൊണ്ടുവരുവാൻ താല്പര്യമുള്ള വിശ്വാസികൾ ആയത് വിശുദ്ധ കുർബാനക്ക് മുൻപായി പള്ളിക്കാര്യത്തിൽ ഏല്പിക്കേണ്ടതാണ്


JACOBITE SYRIAN
ORTHODOX CHURCH
IRELAND
KNOCK PILGRIMAGE
&
HOLY MASS
(H.G. Yuhanon Mar Milithios)
Date: 3 rd September 2016, at 11.00 am
For Details :
Fr. Jino Joseph : 0894595016
Fr. Jobymon Skaria : 0876315962
Fr. Biju M. Parekkattil : 0894239359
Mr. Santheep Kallungal : 0872825887


JACOBITE SYRIAN ORTHODOX CHURCH
IRELAND
FAMILY CONFERENCE
2016
September 16,17,18
St. Vincent's Castleknock College Dublin